# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3533 15.03.2018-ൽ മറുപടിയ്ക്ക്

## കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി അംഗത്വം

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല<br>,, എൻ. ഷംസുദ്ദീൻ<br>,, ടി.എ.അഹമ്മദ് കബീർ<br>,, എൻ .എ.നെല്ലിക്കുന്ന് : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ. ആരംഭിക്കുന്ന പ്രവാസി ചിട്ടി സംസ്ഥാനത്ത് എന്ന് നിലവിൽ വരുമെന്ന് വെളിപ്പെടുത്തുമോ? | (എ) | അടുത്ത സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ പ്രവർത്തനം ആരംഭിക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | ഒരു വർഷത്തിനുള്ളിൽ എത്രപേരെ ഇതിൽ ചേർക്കുമെന്നും ഏതൊക്കെ രാജ്യങ്ങളിൽ നിന്നുള്ളവർക്ക് ഇതിൽ അംഗങ്ങളാകാമെന്നും അംഗങ്ങളാകുന്നതിന് പ്രത്യേക നിബന്ധനകളുണ്ടോയെന്നും വിശദമാക്കാമോ; | (ബി) | ജി.സി.സി രാഷ്ട്രങ്ങളിലെ മലയാളികൾക്കാണ് പ്രവാസിച്ചിട്ടിയിൽ അംഗത്വം നൽകുക. സാധുവായ പാസ്സ്പോർട്ടും വിസയും ഉണ്ടായിരിക്കണം എന്നതാണ് പ്രാഥമികമായ നിബന്ധന. ആദ്യവർഷത്തിൽ ഒരു ലക്ഷം പേരെയെങ്കിലും ഈ ചിട്ടിയിൽ അംഗങ്ങൾ ആക്കാം എന്ന് കരുതുന്നു. |
| (സി) | ചിട്ടിയിലേക്ക് ആളുകളെ ആകർഷിക്കുന്നതിന് കൈക്കൊള്ളുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; | (സി) | പ്രവാസികൾക്ക് ആകർഷകമായ നിരവധി പ്രത്യേകതകൾ കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടികളിൽ രൂപകല്പന ചെയ്തിട്ടുണ്ട്. അവയിൽ ചിലത് താഴെപ്പറയുന്നു.<br>1. ഏറെക്കുറെ സമ്പൂർണ്ണമായി ഓൺലൈൻ വഴി കൈകാര്യം ചെയ്യാവുന്ന രീതിയിലാണ് ഈ ചിട്ടികളുടെ രൂപകൽപ്പന . വിദേശത്ത് താമസിച്ചു കൊണ്ട് തന്നെ ചിട്ടിയിൽ ചേരാനും പണമടയ്ക്കുവാനും ലേലത്തിൽ പങ്കെടുക്കുവാനും ഇതു വഴി സാധിക്കുന്നു. മാത്രമല്ല കമ്പ്യൂട്ടർ വഴിയോ മൊബൈൽ ആപ്പ് വഴിയോ സ്വന്തം |

| | | | |
|---|---|---|---|
| | | | അക്കൗണ്ട് ഏതു സമയത്തും പരിശോധിക്കുവാൻ ഇടപാടുകാർക്ക് കഴിയുന്നു. സദാസമയവും പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കസ്റ്റമർ കെയർ സെന്റർ മറ്റൊരു പ്രത്യേകതയാണ്.<br><br>2. മറ്റ് ചിട്ടികളിൽ നിന്ന് വിഭിന്നമായി കുറേയധികം മൂല്യ വർദ്ധിത പദ്ധതികൾ പ്രവാസി ചിട്ടികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇൻഷ്വറൻസ് പരിരക്ഷയാണ് ആദ്യത്തേത്. ഇത് വഴി, ദൗർഭാഗ്യവശാൽ ചിട്ടി ഇടപാടുകാരൻ/കാരി മരിക്കുകയോ അല്ലെങ്കിൽ തൊഴിലെടുക്കാൻ സാധിക്കാത്ത വിധം അംഗവൈകല്യം സംഭവിക്കുകയോ ചെയ്താൽ 10 ലക്ഷം രൂപ വരെയുള്ള ബാദ്ധ്യതകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും.<br><br>3. ദൗർഭാഗ്യവശാൽ വരിക്കാരൻ/കാരി വിദേശത്തു വച്ച് മരണമടഞ്ഞാൽ ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിനുള്ള സഹായിയുടെ ഉൾപ്പെടെ ഒരു ലക്ഷം രൂപ വരെയുള്ള യാത്രാച്ചെലവ് കെ.എസ്.എഫ്.ഇ വഹിക്കുന്നതാണ്.<br><br>4. പ്രവാസി ഇടപാടുകാരൻ/കാരി ആവശ്യപ്പെടുന്നതനുസരിച്ച് ചിട്ടി വിളിച്ചെടുക്കുമ്പോൾ തുക പെൻഷൻ ഫണ്ടിലേക്ക് മാറ്റാവുന്നതാണ്.<br><br>പ്രവാസി ചിട്ടിയിലടയ്ക്കുന്ന പണം കെ.എസ്.എഫ്.ഇ യും കിഫ്ബിയും തമ്മിലുള്ള സവിശേഷ കരാറിലൂടെ കിഫ്ബിയിലെത്തുകയും അതിന് ചിട്ടിപ്പണം നൽകിയതിനു ശേഷം ബാക്കി വരുന്ന സംഖ്യ കേരളത്തിന്റെ പശ്ചാത്തല വികസനത്തിന് ഉപയോഗിക്കാവുന്നതുമാണ്. ഇത് വഴി വിദേശത്തു താമസിച്ചു കൊണ്ട് തന്നെ പ്രവാസിക്ക് കേരള വികസനത്തിൽ പങ്കാളികളാകാൻ കഴിയുന്നു. |

| | | | |
|---|---|---|---|
| (ഡി) | എത്ര ലക്ഷം രൂപയുടെ ചിട്ടികൾക്കാണ് തുടക്കത്തിൽ അനുമതി നൽകുന്നത്; | (ഡി) | ഒരു ലക്ഷം മുതൽ പത്തു ലക്ഷം രൂപ വരെയുള്ള ചിട്ടികൾക്കാണ് തുടക്കത്തിൽ അനുമതി നൽകുന്നത്. |
| (ഇ) | പ്രസ്തുത പദ്ധതി വഴി അടുത്ത മൂന്നു വർഷത്തിനുള്ളിൽ എത്ര കോടി രൂപ വികസന പ്രവർത്തനങ്ങൾക്കായി കണ്ടെത്താനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ? | (ഇ) | പ്രസ്തുത പദ്ധതിലൂടെ മൂന്ന് വർഷത്തിനുള്ളിൽ പതിനായിരം കോടി രൂപ വികസനപ്രവർത്തനങ്ങൾക്കായി കണ്ടെത്താനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്രവാസി ചിട്ടികളിലൂടെ സമാഹരിക്കുന്ന തുക കിഫ്ബി-യിലേക്ക് മാറ്റുകയും ഈ തുക കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്തുവാനുമാണ് ഉദ്ദേശിക്കുന്നത്. |

//

സെക്ഷൻ ഓഫീസർ